LIBRARY ARCHIVES Kerala Legislative Assembly

38, 39 എന്നീ ബ്ലോക്കുകളാണുള്ളത്. ഇവയിൽ റിസർവ് ഫോറസ്റ്റ് ബ്ലോക്ക് നമ്പർ 39, ഹാരിസൺ പ്ലാന്റേഷന്റെ കൈവശവുമായി ബന്ധപ്പെട്ട കേസ് നിലനിൽക്കുന്ന ബ്ലോക്ക് നമ്പർ 38-ലെ പ്രസ്തുത ഭാഗം എന്നിവ ഒഴികെ റീസർവ്വേ, ഫീൽഡ് ജോലികൾ കൺവെൻഷണൽ രീതിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി വില്ലേജിലെ അപ്പീൽ & ലാൻഡ് കംപ്ലെയിന്റ് പരാതികൾ തീർപ്പാക്കിയിട്ടുള്ളതും ഡാറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്. സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ രജിസ്ട്രേഷൻ വകുപ്പിലെ ഭൂസംബന്ധ സേവനങ്ങളുമായി യോജിപ്പിച്ച് മാപ്പുൾപ്പെടെയുള്ള സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി എന്ന പ്രോജക്റ്റ് വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ജീവനക്കാരുടെയും സർവ്വേ ഉപകരണങ്ങളുടെയും കുറവ് റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വേ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ Continuously Operating Reference Station നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും RTK (Real-time kinematic positioning) ഉപകരണങ്ങളുടെ സഹായത്തോടെ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ അഭാവത്തിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയറുടെ സേവനംകൂടി വിനിയോഗിച്ച് ആയതിന് ആവശ്യമായ തുക RKI-യിൽനിന്ന് ലഭ്യമാക്കിയും സർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരികയാണ്. പ്രസ്തുത നടപടി പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ നടപടികൾ കാലതാമസമില്ലാതെ പൂർത്തിയാകും. പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ശേഷിക്കുന്ന കോന്നിത്താഴം, തണ്ണിത്തോട്, ചിറ്റാർ, സീതത്തോട് എന്നീ വില്ലേജുകളിലെ റീസർവ്വേ ജോലികൾക്ക് പ്രത്യേകമുൻഗണന നൽകി കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

### 3. റവന്യൂ ടവർ നിർമ്മാണം

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറത്ത് ഒരു റവന്യൂ ടവർ നിർമ്മിക്കുന്നതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിലാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ്

LIBRARY ARCHIVES Kerala Legislative Assembly

സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന ഈ കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും തുടർന്ന് ജില്ലാ കളക്ടറുടെ ആസ്ഥാനമായി പ്രവർത്തിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പിനെ ഏൽപ്പിക്കുകയുമാണുണ്ടായത്. ഈ കെട്ടിടങ്ങൾക്ക് ഏകദേശം നൂറ് വർഷത്തെ പഴക്കമുണ്ട്. രണ്ട് പ്രധാന ഹാളുകളുള്ള ഈ കെട്ടിട സമുച്ചയത്തിൽ 200-ലധികം ഉദ്യോഗസ്ഥർ ജോലിചെയ്തു വരികയാണ്. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ദിവസേന നിരവധി ആളുകളാണ് ഇവിടെയെത്തുന്നത്. കാലപ്പഴക്കത്താലുണ്ടായ ചോർച്ചമൂലം മിക്ക സെക്ഷനുകളിലും കാലവർഷസമയത്ത് വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. പൊതുമരാമത്ത് വകുപ്പ് എല്ലാവർഷവും ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ കാലപ്പഴക്കംകാരണം ഫലപ്രാപ്തിയിലെത്തുന്നില്ല. ജില്ലാ കളക്ടർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ആറ് ഡെപ്യൂട്ടി കളക്ടർമാർ, മൂന്ന് സീനിയർ സൂപ്രണ്ടുമാർ, പതിനെട്ട് സെക്ഷനുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് സൗകര്യപ്രദമായി ജോലിചെയ്യുന്നതിനാവശ്യമായ സ്ഥലസൗകര്യം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ലഭിക്കുന്നില്ല. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ സമയത്തും ഇലക്ഷൻപോലുള്ള അടിയന്തര ഘട്ടങ്ങളിലും കൺട്രോൾ റൂം, സംഭരണ കേന്ദ്രങ്ങൾ എന്നിവ കോൺഫറൻസ് ഹാളിൽത്തന്നെ പ്രവർത്തിക്കുന്നതിനാൽ അടിയന്തര ഘട്ടങ്ങളിൽ യോഗം നടത്തുന്നതിനായി മറ്റ് ഓഫീസുകളിലെ കോൺഫറൻസ് ഹാളുകളെ ആശ്രയിക്കേണ്ടിവരികയാണ്. റീസർവ്വേ അസ്സിസ്റ്റന്റ് ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരുടെ ഓഫീസും ഇതേ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാൻ കെട്ടിടത്തിൽ സൗകര്യം കുറവാണ്. കളക്ടറുടെയും എ.ഡി.എം.-ന്റെ ചേംബറിലുമൊക്കെ ഹിയറിംഗിനായി ദിവസേന നിരവധി ആളുകൾ എത്തുമ്പോൾ അവർക്ക് പുറത്ത് നിൽക്കേണ്ട സ്ഥിതിയാണുള്ളത്. ഓഫീസിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ഒരു യോഗം 25-10-2019-ൽ വിളിച്ചു ചേർക്കുകയും ചർച്ചകൾക്കുശേഷം പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും സഹിതം 65 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സമാന്തരമായി സ്ഥിതിചെയ്യുന്ന രണ്ട് കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അതേ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാനും ജില്ലാ കളക്ടറുടെ ചേംബറിന് മുന്നിലെ മറ്റൊരു

കെട്ടിടവും ചേർത്ത് 'U' ആകൃതിയിൽ റവന്യൂ ടവർ നിർമ്മിക്കാനമാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ കെട്ടിടത്തിന്റെ പൗരാണിക സ്വഭാവം നിലനിർത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ ചേംബർ ഉൾക്കൊള്ളുന്ന കെട്ടിടം അതേപടി നിലനിർത്തുന്നതിനാൽ പുരാതന ഘടകങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടാണ് ഈ പ്രൊപ്പോസൽ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി അംഗീകാരം നൽകാമെന്നറിയിച്ചിരുന്നെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പദ്ധതി അനന്തമായി നീട്ടിക്കൊണ്ടുപോകാതെ മലപ്പുറം റവന്യൂ ടവറിന് എത്രയുംവേഗം അംഗീകാരം നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ന്യായവും ഗുരുതരവുമായ ഒരു പ്രശ്നമായി സർക്കാർ മനസ്സിലാക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ മലപ്പുറം ജില്ലാ കളക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൽത്തന്നെയാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ് സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു. ഇപ്പോൾ ആ കെട്ടിടത്തിന് ഏകദേശം നൂറ് വർഷത്തെ പഴക്കമുണ്ട്. നിലവിൽ ടി കെട്ടിടത്തിൽ കളക്ടറേറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലെന്ന് മാത്രമല്ല കെട്ടിടം ജീർണ്ണാവസ്ഥയിലുമാണ്. രണ്ട് ഹാളുകൾ മാത്രമാണ് കെട്ടിട സമുച്ചയത്തിലുള്ളത്. ദിവസേന വിവിധ ആവശ്യങ്ങൾക്കായി കളക്ടറേറ്റിലെത്തുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും അസൗകര്യംമൂലം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ഭരണകേന്ദ്രം പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമാകും വിധത്തിൽ ക്രമീകരിച്ചാൽ കാര്യക്ഷമമായ ഭരണനിർവ്വഹണം നടത്താനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ പ്രദാനംചെയ്യാനും സാധിക്കും. മലപ്പുറം കളക്ടറേറ്റും റവന്യൂ സർവ്വേ ഓഫീസുകളും വാടകക്കെട്ടിടത്തിലുള്ള മറ്റ് സർക്കാർ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിന് യോജിച്ച രീതിയിലുള്ള ഒരു റവന്യൂ ടവർ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് 65 കോടി രൂപയുടെ എസ്റ്റിമേറ്റ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായ ഉടനെ അടിയന്തര പ്രാധാന്യത്തോടെ മറ്റ് നടപടികൾ പൂർത്തിയാക്കി റവന്യൂ ടവർ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതാണ്. സംസ്ഥാനത്തെ ജില്ലകളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയ്ക്ക്, ഇത്രയേറെ

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളുടെ പഴക്കമുള്ള പൗരാണിക പാരമ്പര്യമുള്ള ഒരു കെട്ടിടമുണ്ടാകുകയും അത് ജില്ലയുടെ ഭരണകൂടത്തിനാവശ്യമായ സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്യുന്നത് വളരെ ഗൗരവമായെടുത്തുകൊണ്ട് കേരളത്തിൽ നടത്താൻ പോകുന്ന റവന്യൂ ടവർ നിർമ്മാണത്തിൽ മുൻഗണന നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

## 4. കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ കർഷകരുൾപ്പെടെയുള്ള 512 കുടുംബങ്ങൾക്ക് 63 വർഷമായിട്ടും അർഹതപ്പെട്ട പട്ടയങ്ങൾ ലഭിക്കുന്നില്ലെന്ന നീതിപൂർവ്വമായ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 283/1 എ എന്ന പഴയ സർവ്വേ നമ്പറിൽപ്പെട്ട 274.5 ഏക്കർ സ്ഥലം വനം വകുപ്പിന്റെ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പരിധിക്ക് പുറത്താണോ എന്നത് സംബന്ധിച്ചായിരുന്നു തർക്കത്തിന് ആധാരമായ വസ്തുത. ജനപ്രതിനിധികൾ ഉൾപ്പെടെ നടത്തിയ നിരന്തര പ്രക്ഷോഭത്തെത്തുടർന്ന് 2018-ൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തുകയും 88 ശതമാനം സർവ്വേനടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം 174 മുതൽ 211 വരെയുള്ള റീ-സർവ്വേ പ്രവൃത്തികൾ നടത്തുകയും 2019 മാർച്ച് 6-ാം തീയതി ഒരു ഇടക്കാല റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ജനങ്ങളാരും ഒരിഞ്ച് വനഭൂമിപോലും കയ്യേറിയിട്ടില്ലെന്നും ഒരു കുടുംബംപോലും വനഭൂമിയുടെ ജണ്ടയ്ക്കകത്ത് താമസിക്കുന്നില്ലെന്നുമാണ് കണ്ടെത്തിയത്. അവശേഷിക്കുന്ന 12 ശതമാനം സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചില്ല. യഥാർത്ഥത്തിലവശേഷിക്കുന്ന 12 ശതമാനം സർവ്വേ നടത്താനുള്ള സ്ഥലം രണ്ട് റിസർവ് വനങ്ങൾക്കിടയിലുള്ള കല്ലുകളുൾപ്പെടുന്ന ഭാഗമാണ്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സ്കെച്ച് വേണമെന്നാണ് വനം വകുപ്പ് പറയുന്നത്. കഴിഞ്ഞ രണ്ട് വർഷമായിട്ടും സ്കെച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരിഞ്ചുപോലും വനഭൂമി കയ്യേറാത്ത സാധാരണ മനുഷ്യർ തലമുറകളായി അവർക്കർഹതപ്പെട്ട പട്ടയം ലഭിക്കാത്തതുകൊണ്ട് ജനപ്രതിനിധികളുൾപ്പെടെയുള്ളവർ സമരരംഗത്താണ്. വനഭൂമി സംരക്ഷിക്കപ്പെടുകതന്നെ വേണം. പക്ഷെ വനഭൂമി കയ്യേറാത്തവർക്ക് നീതി നിഷേധിക്കപ്പെടാൻ പാടില്ല. സ്കെച്ചില്ലെന്ന കാരണംപറഞ്ഞ് ഇത് നീട്ടിക്കൊണ്ടു പോകാൻ പാടില്ല. റീ-സർവ്വേയുടേയും 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അതിർത്തി വിവരണത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിലെ ആളുകൾക്ക് അർഹതപ്പെട്ട പട്ടയം ലഭ്യമാക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly